# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1423

31.10.2019- ൽ
മറുപടിയ്ക്ക്

**<u>പുഴക്കാട്ടിരിയിൽ ഐ.ടി.ഐ യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുപ്പ് നടപടി ത്വരിതപ്പെടുത്തുന്നത്</u>**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) മങ്കട പുഴക്കാട്ടിരിയിൽ ഐ.ടി.ഐ യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നതും ഇനി സ്വീകരിക്കാനുള്ളതുമായ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;<br>(സി) ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ)<br>ബി)<br>&<br>സി) | പുഴക്കാട്ടിരി ഐ.ടി ഐ യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ കർക്കിടകം ദേശം സർവ്വെ നം. 48/1-ൽപ്പെട്ട 1.07 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്ന വിഷയം 34/L1/19/റവ നമ്പർ ഫയലിൽ പരിശോധനയിലാണ്. ആയതിലെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും ഫയൽ അന്തിമ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ഡി) ഭൂമി കൈമാറ്റം പൂർത്തിയാകുന്ന മുറയ്ക്ക് പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ള മങ്കട വില്ലേജിൽ സർവ്വെ 48/1, 48/12 എന്നിവയിൽപ്പെട്ട 80 സെന്റ് ഭൂമി, പുഴക്കാട്ടിരി ഐ.ടി.ഐ യ്ക്ക് വേണ്ടി കൈമാറുന്നതിന് കണ്ടെത്തിയ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഭൂമിയ്ക്കുവേണ്ടി പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ അർത്ഥനാപത്രം ലഭ്യമാകുന്ന മുറയ്ക്ക്, മേൽ പരാമർശ ഭൂമിയിൽ നിന്നും ഐ.ടി.ഐ യ്ക്ക് കൈമാറിക്കഴിഞ്ഞ ശേഷം ആവശ്യമായ ഭൂമി ലഭ്യമാണോ എന്ന് പരിശോധിച്ച്, ലഭ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**